**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2955** **25-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 സാമ്പത്തിക വർഷം പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് ശീർഷകം തിരിച്ച് വ്യക്തമാക്കാമോ; | (എ) | പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി 2024-25 സാമ്പത്തിക വർഷം "2700-01-001-NV ഭരണവും നടത്തിപ്പും" ശീർഷകത്തിൽ 11.49 കോടി രൂപയും, "2700-01-101-NV സംരക്ഷണപ്പണികൾ" ശീർഷകത്തിൽ 8.68 കോടി രൂപയും, "2700-01-800-NV മറ്റു ചെലവുകൾ" ശീർഷകത്തിൽ 9 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | 2024-25 വർഷത്തിൽ പ്രസ്തുത പ്രോജക്ടിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രോജക്ടിൽ കനാലിന്റെ വാർഷിക അറ്റകുറ്റ പണികളും, പുനരുദ്ധാരണം, ഹെഡ് വർക്ക്സ് ആന്റ് ഗാർഡൻ എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | തകർന്ന കനാലുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | തകർന്ന കനാലുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റ പണികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>പുനർനിർമ്മാണം - 261.37 ലക്ഷം (52 പ്രവൃത്തികൾ)<br><br>വാർഷിക അറ്റകുറ്റ പണികൾ-424.56 ലക്ഷം (119 പ്രവൃത്തികൾ)<br><br>ഹെഡ് വർക്ക്സ്- 80 ലക്ഷം (19 പ്രവൃത്തികൾ)<br><br>എമർജൻസി ഫണ്ട് - 34.07 ലക്ഷം<br><br>ഗാർഡൻ – 8 ലക്ഷം (2 പ്രവൃത്തികൾ)<br><br>**ആകെ -808 ലക്ഷം** |

സെക്ഷൻ ഓഫീസർ